**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5735** **08-11-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി, തടസ്സങ്ങൾ നീക്കി, ഈ വർഷം തന്നെ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് നടപ്പിലാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡർ നടപടികളിൽ നാല് ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തിരുന്നു. അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ പ്രത്യേക നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ടി കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഒഴിവാക്കിക്കൊണ്ട് മറ്റു മൂന്നു ഇൻഷ്വറൻസ് കമ്പനികളുടെ സാങ്കേതിക ബിഡുകൾ പരിശോധിച്ചിരുന്നു. എന്നാൽ WP(C)2938/2021 -ന്റെ അന്തിമ വിധിയ്ക്കെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടേയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | | 07.04.2021 ലെ ധനകാര്യ ബിഡിലൂടെ Oriental Insuranceകമ്പനിയെ L1 ആയി തെരെഞ്ഞടുക്കുകയും 06.08.2021 -ൽ ടി കമ്പനിക്ക് Award of Contract നൽകുകയും ഉണ്ടായി. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേക്കും കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിശദാംശങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ചകൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ